പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :440 01. 12. 2015 ൽ മറുപടിക്ക്

വൈദ്യുതി ചാർജ്ജ് വർദ്ധനവ്

ചോദ്യം

ഉത്തരം

ശ്രീ.പി.തിലോത്തമൻ

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരളത്തിൽ എത്ര തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് പറയാമോ; ഓരോ തവണയും വർദ്ധിപ്പിച്ചത് എത്ര ശതമാനമാണെന്ന് പറയാമോ; | (എ) മൂന്ന് തവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു. |
| (ബി) വൈദ്യുതി ചാർജ്ജ് വർദ്ധനവിൽ നിന്നും ഏതെങ്കിലും വിഭാഗങ്ങളെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം ഒഴിവാക്കപ്പെട്ടുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് പറയാമോ; | (ബി) ഉണ്ട്. 01.07.2012 മുതൽ നടപ്പിലാക്കിയ താരിഫ് വർദ്ധനവിൽ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താക്കളെയും, കാർഷിക ഉപഭോക്താക്കളെയും, വർദ്ധിപ്പിച്ച കറന്റ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഗവൺമെന്റ് സബ്സിഡി നൽകി ഒഴിവാക്കിയിരുന്നു. കൂടാതെ പ്രതിമാസം 120 യൂണിറ്റ് വരെ ഉപയോഗമുള്ള സിംഗിൾ ഫേസ് ഗാർഹിക ഉപഭോക്താക്കളെ ഫിക്സഡ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഗവൺമെന്റ് സബ്സിഡി നൽകി ഒഴിവാക്കിയിട്ടുണ്ട്. ഈ ആനുകൂല്യം തുടർന്നും നൽകി വരുന്നുണ്ട്. ഗാർഹിക ഉപഭോക്താക്കളിൽ താഴ്ന്ന വരുമാനക്കാരെയും ഇടത്തരം വരുമാനക്കാരുടെയും, വൈദ്യുതി ചാർജ്ജിൽ കാര്യമായ വർദ്ധനവില്ലാതെ ജീവിത ചെലവുകൾ പിടിച്ചു നിർത്തുന്നതിനുവേണ്ടിയാണ്, ഗവൺമെന്റ് ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകി വരുന്നത്. |

| | |
|---|---|
| | അടിസ്ഥാന മേഖലയായ കാർഷിക ഉൽപ്പാദനത്തിന് സഹായകരമെന്ന നിലയിലാണ്, ഈ മേഖലയിൽ വൈദ്യുതി ചാർജ്ജിൻ മേൽ സബ്സിഡി നൽകി വരുന്നത്. |
| (സി) മുമ്പ് നിലനിന്നിരുന്നതു പോലെ കുടിൽജ്യോതി പോലുള്ള പദ്ധതി ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഈ ഇനത്തിൽ സൗജന്യ വൈദ്യുതിക്ക് അർഹതയുള്ള എത്രയാളുകൾ കേരളത്തിൽ ഉണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ? | (സി) കുടിൽജ്യോതി വൈദ്യുതി കണക്ഷൻ നിലവിൽ നൽകി വരുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്